بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 05.10.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 05.10.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**നബി തിരുമേനി (സ) യുടെ മഹത്സ്ഥാനീയരായ ബദരീ സ്വഹാബാക്കൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്,ഹദ്റത്ത് ഖുദാമ ബിൻ മദ്ഊൻ (റ)എന്നിവരുടെ സവിശേഷ ഗുണങ്ങളുടെ വിശ്വാസവർദ്ധകവും ഹൃദ്യവുമായ വിവരണങ്ങൾ.**

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ- بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ-

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ﴿۲﴾ اَلرَّحْمٰنِ الرَّحِیْمِ ﴿۳﴾ مٰلِکِ یَوْمِ الدِّیْنِ ﴿۴﴾ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ ﴿۵﴾

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ﴿۶﴾ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ۬ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ അയ്യദഹുല്ലാഹുതആലാ പറഞ്ഞു;

അബ്ദുല്ലാഹിബ്നു മസ്ഊദിനെക്കുറിച്ചാണ് വിവരിച്ചു കൊണ്ടിരുന്നത്. കുറച്ചു നിവേദനങ്ങൾ ബാക്കിയുണ്ടായിരുന്നു അതിപ്പോൾ പറയുന്നതാണ്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദിനെ സംബന്ധിച്ച് വന്ദ്യരായ സ്വഹാബാക്കൾ പറയാറുണ്ടായിരുന്നത് അല്ലാഹുവുമായുള്ള സാമിപ്യത്തിലും ബന്ധത്തിലും അസാധാരണമായ സ്ഥാനമാണ് അദ്ദേഹത്തിനുണ്ടായിരുന്നത് എന്നാണ്. അതുപോലെ ഹദ്റത്ത് നബികരീം(സ) ഏതെല്ലാം സ്വഹാബാക്കളുടെ മാതൃകകളേയാണോ മാർഗ്ഗദീപമെന്നോണം സ്വീകരിക്കാൻ പ്രത്യേകമായി നിർദ്ദേശിച്ചിരുന്നത് അവരിൽ അബൂബക്കർ ഹദ്റത്ത് ഉമർ എന്നിവരെക്കൂടാതെ അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ പേരും ഉൾപ്പെടുന്നു. അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ രീതിയെ മുറുകെ പിടിച്ചുകൊള്ളുക എന്ന് തിരു നബി(സ) പറയുമായിരുന്നു.നബി(സ)യ്ക്ക് (അദ്ദേഹത്തെ)പ്രത്യേകം ഒരു വിശ്വാസമായിരുന്നു. അബ്ദുല്ലാഹിബ്നു മസ്ഊദിനും നബിതിരുമേനി(സ)യോട് അസാധാരണമായ ഇഷ്ഖ് (അനുരക്തി) ആയിരുന്നു ഉണ്ടായിരുന്നത്. തിരുനബി(സ)യുടെ സഹവാസം അദ്ദേഹത്തെ സൻമാർഗ്ഗിയായ,ഭയഭക്തിയുള്ള ഒരു ഭക്തനായ മനുഷ്യനാക്കിത്തീർത്തിരുന്നു. ആരാധനയിലും നഫലുകളിലും എത്രമാത്രം ശ്രദ്ധയുണ്ടായിരുന്നുവെന്നാൽ ഫർള് നമസ്കാരങ്ങൾക്കും തഹജ്ജുദിനും പുറമെ രാവിലെയുള്ള നമസ്കാരത്തിനും ഏർപ്പാടു ചെയ്തിരുന്നു. അതുപോലെതന്നെ എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും നഫൽ നോമ്പ് അനുഷ്ഠിക്കുമായിരുന്നു.തഹജ്ജുദ് നമസ്കാരവും മറ്റും അനുഷ്ഠിക്കുന്നതിനായി ശരീരത്തിന് ക്ഷീണം തോന്നുന്നതുകൊണ്ടാണ് നഫൽ നോമ്പുകൾ കുറച്ച് അനുഷ്ഠിക്കുന്നത് എന്ന് അദ്ദേഹം പറയുമായിരുന്നു. ഒരിക്കൽ റസൂൽ കരീം(സ) അബ്ദുല്ലാഹിബ്നു മസ്ഊദിനോട് പ്രസംഗിക്കുവാനായി പറഞ്ഞു. അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചതിനു ശേഷം ഇത്രമാത്രം പറഞ്ഞു; അല്ലാഹു നമ്മുടെ റബ്ബാകുന്നു ഖുർആൻ നമ്മുടെ വഴികാട്ടിയാണ് ബൈത്തുല്ലാഹ് നമ്മുടെ ഖിബ്ലയാകുന്നു മുഹമ്മദ്(സ)നമ്മുടെ നബിയുമാകുന്നു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു; ഇബ്നു മസ്ഊദ് പറഞ്ഞത് ശരിയാണ്. ഇബ്നു മസ്ഊദ് ഇഷ്ടപ്പെടുന്നതുതന്നെയാണ് ഞാൻ എന്റെ ഉമ്മത്തിനുവേണ്ടിയും ഇഷ്ടപ്പെടുന്നത്. ഹദ്റത്ത് അലി കൂഫയിലേക്കു പോയപ്പോൾ അദ്ദേഹത്തിന്റെ സദസ്സിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദിനെക്കുറിച്ച് അല്പം പരാമർശമുണ്ടായി അദ്ദേഹം മുൻപ് അവിടെ താമസിച്ചിട്ടുണ്ടായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ട് പറഞ്ഞു, അല്ലയോ അമീറുൽ മുഅ്മിനീൻ ഞങ്ങൾ ഹദ്റത്ത് അബ്ദുല്ലാഹുബ്നു മസ്ഊദിനേക്കാളുമധികം ഉന്നത സ്വഭാവ ഗുണമുള്ളയാളും സൗമ്യതയോടെ അധ്യാപനം നൽകുന്നയാളും ഉത്തമമായ സഹവാസം നൽകുന്നതും നല്ല സദസ്സു കൂടുന്നതും അങ്ങേയറ്റം ദൈവിക ചിന്തയുള്ളയാളുമായി ആരെയും കണ്ടിട്ടില്ല. അപ്പോൾ ഹദ്റത്ത് അലി പറഞ്ഞു അബ്ദുല്ലാഹിബ്നു മസ്ഊദിനെക്കുറിച്ചുള്ള എന്റെയും അഭിപ്രായം അതുതന്നെയാണ്. എന്നല്ല അതിലും നല്ല അഭിപ്രായമാണ് എനിക്കുള്ളത്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് തന്റെ ദീനീ സഹോദരനായ ഹദ്റത്ത് സുബൈറുബ്നുൽ അവാമുമായി നബിതിരുമേനി ഉണ്ടാക്കിയിരുന്ന ആ സാഹോദര്യത്തിന്റെ കടമ നല്ലവണ്ണം നിറവേറ്റി. അദ്ദേഹത്തിൽ പരിപൂർണ്ണ വിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് ഇങ്ങിനെ വസിയ്യത്ത് ചെയ്തു. എന്റെ എല്ലാ സാമ്പത്തിക കാര്യങ്ങളുടെയും മേൽനോട്ട ചുമതല ഹദ്റത്ത് സുബൈറ്ബ്നു അൽ അവാമിനും അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലാഹിബ്നു സുബൈറിനും ആയിരിക്കും. കുടുംബപരമായ പ്രശ്നങ്ങളിൽ അവരുടെ തീരുമാനങ്ങൾ അഖണ്ഡിതവും പ്രാവർത്തികമാക്കേണ്ടതുമായിരിക്കും. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ റസൂൽ തിരുമേനിയോടുള്ള അനുസരണത്തെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തിൽ മസീഹ് സാനി ഒരിടത്ത് വിവരിക്കുന്നു; ഹദീസുകളിൽ ഒരു സംഭവം വരുന്നുണ്ട്, അതായത് ഹദ്റത്ത് അബ്ദുല്ലാഹുബ്നു മസ്ഊദ് ഒരിക്കൽ റസൂൽ തിരുമേനി(സ)യുടെ സദസ്സിലേക്ക് വന്നുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം വഴിയിൽതന്നെ ആയിരുന്നു അദ്ദേഹത്തിന്റെ കാതുകളിൽ റസൂൽ തിരുമേനിയുടെ ഇരിക്കുക എന്ന ശബ്ദം കേട്ടു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് റസൂൽ തിരുമേനിയുടെ ഈ ശബ്ദം കേട്ടപ്പോൾ അവിടെതന്നെ ഇരുന്നു. എന്നിട്ട് ഇരുന്നുകൊണ്ടുത

ന്നെ കുട്ടികൾ ഇഴയുന്നതുപോലെ ഇഴഞ്ഞിഴഞ്ഞുകൊണ്ട് പള്ളിയിൽ എത്തിച്ചേർന്നു. അപ്പോൾ, അനുസരണത്തിന്റെയും ആജ്ഞാനുസരണത്തിന്റെയും ആത്മാവുതന്നെയാണ് ലോകത്ത് സമുദായങ്ങളെ വിജയിപ്പിക്കുന്നത് എന്ന രഹസ്യമറിയാത്ത ആരോ ഒരാൾ ഹദ്റത്ത് ഇബ്നുമസ്ഊദ് ഇങ്ങിനെ നടക്കുന്നതു കണ്ടപ്പോൾ ആക്ഷേപത്തോടെ പറഞ്ഞു; ഇതെന്തു വിഡ്ഢിത്തരമാണ് റസൂൽ(സ) പള്ളിയിൽ ഒരു അരികിൽ നിൽക്കുകയായിരിന്ന ആളുകളോടാണ് ഇരിക്കുക എന്നു പറഞ്ഞത്. എന്നാൽ താങ്കൾ വഴിയിൽതന്നെയിരുന്നു ഇഴഞ്ഞുകൊണ്ട് പള്ളിയിൽ വന്നിരിക്കുന്നു. താങ്കൾക്ക് പള്ളിയിൽ എത്തിക്കഴിഞ്ഞതിനു ശേഷം ഇരുന്നാൽ മതിയായിരുന്നല്ലോ വഴിയിൽ തന്നെ ഇരുന്നതുകൊണ്ട് എന്ത് പ്രയോജനമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് മറുപടി നൽകി; അതെ അതിനു സാധിക്കുമായിരുന്നു.എന്നാൽ പള്ളിയിൽ എത്തിച്ചേരുന്നതിനുമുൻപു തന്നെ ഞാൻ മരണപ്പെടുകയാണെങ്കിൽ റസൂൽ(സ) തിരുമേനിയുടെ ആ കല്പന എന്റെ പ്രവർത്തിയിൽ ഇല്ലാതെവന്നാൽ കുറഞ്ഞത് പാലിക്കാത്തതായി ഒരു കല്പനയെങ്കിലും എനിക്കുണ്ടാകും. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വീണ്ടും എഴുതുന്നു. ഇതേ അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ സംഭവം തന്നെയാണ്, ഒരിക്കൽ ഹദ്റത്ത് ഉസ്മാൻ(റ) തന്റെ ഖിലാഫത്തുകാലത്ത് ഒരിക്കൽ ഹജ്ജ് ദിനത്തിൽ മക്കയിൽ നാല് റകാഅത്ത് നമസ്കരിച്ചു. റസൂൽ തിരുമേനി(സ) ഹജ്ജിനായി എത്തിച്ചേരുമ്പോൾ അവിടന്ന് രണ്ടു റകഅത്താണ് നമസ്കരിച്ചിരുന്നത്. എന്തെന്നാൽ യാത്രക്കാരന് രണ്ടു റകഅത്ത് നമസ്കരിക്കാനുള്ള കല്പനയാണുള്ളത്. അതുകൊണ്ട് ജനങ്ങളിൽ ഒച്ചപ്പാടുണ്ടായി ഹദ്റത്ത് ഉസ്മാൻ റസൂൽ തിരുമേനി(സ)യുടെ സുന്നത്തിനെ മാറ്റിയിരിക്കുന്നു. അങ്ങിനെ ആളുകൾ ഹദ്റത്ത് ഉസ്മാന്റെ അടുക്കൽ പോയി താങ്കളെന്തിനാണ് നാലു റകഅത്ത് നമസ്കരിച്ചത് എന്ന്ആരാഞ്ഞു. ഹദ്റത്ത് ഉസ്മാൻ(റ)പറഞ്ഞു; കാര്യമിതാണ്, ഞാനൊരു ശ്രമം നടത്തിയതാണ് അതിതാണ്; എന്തെന്നാൽ ഇപ്പോൾ ദൂരെദൂരെ നിന്നും ആളുകൾ മുസ്ലിംകളായിരിക്കുന്നു. നിരവധിയാളുകൾ ദൂരങ്ങളിൽ നിന്നും ഹജ്ജിനായി വരുവാൻ തുടങ്ങിയിരിക്കുന്നു. അവരിൽ ഭൂരിഭാഗം പേർക്കും ആദ്യത്തെ ആളുകളുടെ അത്ര ഇസ്ലാമിന്റെ മസ്അലകൾ അറിയില്ല. അവർ നമ്മുടെ കർമ്മങ്ങൾ നോക്കുക മാത്രമാണ് ചെയ്യുന്നത് നാം എങ്ങിനെയാണ് ചെയ്യുന്നത് എന്ന്. അതായത് പഴയആളുകൾ നാം ഏതെങ്കിലും തരത്തിൽ കർമ്മങ്ങൾ ചെയ്യുന്നതായി കണ്ടാൽ സ്വയം അതുപോലെ ചെയ്യുകയും എന്നിട്ട് ഇതു തന്നെയാണ് ഇസ്ലാമിന്റെ കല്പന എന്നു പറയുകയും ചെയ്യും. ഇവരാണെങ്കിൽ മദീനയിലാണ് വളരെ കുറച്ചേ ഇവിടെ വരുന്നുള്ളൂ. അതിനാൽ അവിടെ താമസിച്ചുകൊണ്ട് നമ്മുടെ നമസ്കാരങ്ങൾ നോക്കിക്കാണുവാനുള്ള അവസരം ലഭിക്കുകയില്ല. അതുകൊണ്ട് ഞാൻ കരുതി ഇപ്പോൾ ഈ ഹജ്ജ് വേളയിൽ ഞാൻ രണ്ടു റകഅത്ത് നമസ്കരിക്കുന്നത്, ഖസ്വർ ചെയ്യുന്നത് അവർ കാണുകയും തങ്ങളുടെ പ്രദേശത്തുപോയി ഖലീഫയെ ഞങ്ങൾ രണ്ടു റകഅത്ത് നമസ്കരിക്കുന്നതായാണ് കണ്ടത് എന്നു പറയുകയും ഇസ്ലാമിന്റെ യഥാർത്ഥ കല്പന രണ്ടു റകഅത്ത് നമസ്കരിക്കലാണ് എന്ന് പറയുകയും, യാത്രയിലായതുകൊണ്ടാണ് രണ്ടു റകഅത്ത് നമസ്കരിച്ചത് എന്ന കാര്യത്തെക്കുറിച്ച് അറിവില്ലാത്തവരുമാണ്. അങ്ങിനെ ഇസ്ലാമിൽ ഭിന്നിപ്പ് ഉടലെടുക്കുകയും ജനങ്ങൾ വഞ്ചനയിൽ അകപ്പെടുകയും ചെയ്യുന്നതാണ്. അതുകൊണ്ട് നാല് റകഅത്തിന്റെ കാര്യം അവർ മറന്നുകളയാതിരിക്കുന്നതിനായി നാല് റകഅത്ത് നമസ്കരിക്കുന്നതാണ് ഉചിതമെന്ന് എനിക്കു തോന്നി. എനിക്കെങ്ങിനെയാണ് നാലു റകഅത്ത് നമസ്കാരം അനുവദനീയമാവുന്നത് എന്നതാണ് ഇനിയുള്ള കാര്യം. അതിനുള്ള മറുപടി ഇതാണ്; ഞാൻ ഇവിടെനിന്നും വിവാഹം കഴിച്ചയാളാണ്, ഭാര്യയുടെ നാടും സ്വന്തം നാടാണ്. അതുകൊണ്ട് ഞാൻ യാത്രക്കാരനല്ല മുഴുവൻ നമസ്കാരവും നമസ്കരിക്കണം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചുരുക്കത്തിൽ ഹദ്റത്ത് ഉസ്മാൻ(റ) നാല് റകഅത്ത് നമസ്കരിപ്പിച്ചതിന്റെ കാരണവും ഉദ്ദേശ്യവുമായി പറഞ്ഞത് പുറമെ നിന്നുള്ളവർക്ക് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനമെന്തെന്നറിയാതെ ചതി പറ്റരുത് എന്നതാണ്. അദ്ദേഹത്തിന്റെ ഇക്കാര്യവും വളരെ മനോഹരമായതായിരുന്നു. സ്വഹാബാക്കൾ ഇതുകേട്ടപ്പോൾ ഭൂരിഭാഗം പേർക്കും മനസ്സിലായി ചിലർക്ക് മനസ്സിലായില്ല. അവർ നിശ്ശബ്ദത പാലിച്ചു. എന്നാൽ ഫിത്ന ഉണ്ടാക്കുന്നവരായിരുന്ന മറ്റു ചിലർ ബഹളമുണ്ടാക്കി. ഈ ബഹളം വയ്ക്കുന്നവരും ഫിത്ന ഉണ്ടാക്കുന്നവരുമായ ആളുകൾ അവരിൽ ചിലർ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ അടുക്കലും എത്തി. എന്നിട്ടു ചോദിച്ചു ഇന്നെന്താണ് നടന്നതെന്ന് താങ്കൾ കണ്ടോ. റസൂൽ(സ) എന്താണു ചെയ്തിരുന്നത് ഇന്ന് ഉസ്മാൻ എന്താണ് ചെയ്തത്. റസൂൽ(സ) ഹജ്ജ് ദിനങ്ങളിൽ മക്കയിൽ വന്ന് വെറും രണ്ടു റകഅത്താണ് നമസ്കരിപ്പിച്ചിരുന്നത് എന്നാൽ ഉസ്മാൻ നാലു റകഅത്ത് നമസ്കരിപ്പിച്ചു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് പറഞ്ഞു; നോക്കൂ ഫിത്ന കുത്തിപ്പൊക്കുക എന്നുള്ളത് നമ്മുടെ ജോലിയല്ല. കാരണം കാലത്തിന്റെ ഖലീഫ എന്തെങ്കിലും യുക്തിക്കനുസൃതമായിട്ടായിരിക്കും അങ്ങിനെ ചെയ്തിട്ടുണ്ടാവുക. നമുക്ക് മനസ്സിലാകാതിരുന്ന വല്ല യുക്തിയും അതിലുണ്ടാകും. അതുകൊണ്ട് നിങ്ങൾ കലഹമുണ്ടാക്കരുത്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് പറഞ്ഞു; ഞാനും അദ്ദേഹത്തിനെ തുടർന്ന് നാലു റക്അത്തു തന്നെയാണ് നമസ്കരിച്ചത്. എന്നാൽ നമസ്കാരത്തിനു ശേഷം ഞാൻ കൈഉയർത്തിക്കൊണ്ട് ദുആ ചെയ്തു അല്ലാഹുവേ ഈ നാലു റകഅത്തുകളിൽ നിന്നും നീ റസൂൽ(സ)തിരുമേനിയുടെ കൂടെ ഞങ്ങൾ നമസ്കരിച്ചിരുന്ന ആ രണ്ടു റകഅത്തുകൾ എന്റെ നമസ്കാരമായി സ്വീകരിക്കുകയും ബാക്കി രണ്ടെണ്ണം നമസ്കാരമായി കണക്കാക്കുകയുമരുതേ. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) അരുളുന്നു; എത്തരത്തിലുള്ള ഒരു അനുരക്തിയായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദിന്റേത്. അദ്ദേഹം നാലു റകഅത്ത് നമസ്കരിച്ചെങ്കിലും റസൂൽ(സ)തിരുമേനി നമസ്കരിച്ച രണ്ടു റകഅത്തിൽ കൂടുതലുള്ള റകഅത്തിന്റെ പ്രതിഫലവും ആഗ്രഹിച്ചില്ല. എന്നിട്ട് ദുആ ചെയ്തു അല്ലാ

ഹുവേ രണ്ടു റകഅത്തു മാത്രം സ്വീകരിച്ചാലും നാലു റകഅത്തുകളല്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടർന്നെഴുതുന്നു; പിന്നെ അതിൽ ഖിലാഫത്തിനോടുള്ള അനുസരണത്തിലും എത്ര തികഞ്ഞ മാതൃക കാണപ്പെടുന്നു. ഹദ്റത്ത് ഉസ്മാൻ എന്തു കാരണത്താലാണ് രണ്ടിനു പകരം നാലു റകഅത്ത് നമസ്കരിച്ചത് എന്നദ്ദേഹത്തിന് അറിയില്ലായിരുന്നു. എങ്കിലും അദ്ദേഹം ഖിലാഫത്തിനെ അനുസരിച്ചു. ഇക്കാരണം കൊണ്ടുതന്നെയാണ് സ്വഹാബാക്കൾ തികച്ചും അക്ഷരജ്ഞാനമില്ലാത്തവരായിരുന്നിട്ടും ലോകം മുഴുവനും വ്യാപിച്ചു നിന്നു. ഒരിക്കൽ രാത്രി സമയത്ത് ഹദ്റത്ത് ഉമർ ഒരു സംഘത്തെ കണ്ടുമുട്ടി. ഇരുട്ടു കാരണം സംഘത്തിലുള്ളവരെ കാണുവാൻ സാധിക്കുമായിരുന്നില്ല. ഹദ്റത്ത് ഇബ്നു മസ്ഊദും ആ സംഘത്തിൽ ഉണ്ടായിരുന്നു. ഹദ്റത്ത് ഉമർ ഒരാളെ ആ സംഘത്തോട് അവർ എവിടെ നിന്നാണ് വന്നിരിക്കുന്നത് എന്ന് ചോദിക്കുന്നതിനായി വിട്ടു.അയാളുടെ ചോദ്യത്തിന് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് മറുപടി നൽകി; 'ഫജ്ജിൻ അമീഖ്'. അതായത് ദൂരവഴികളിൽ നിന്നും. പിന്നെ ചോദിച്ചു എവിടേക്കു പോകുന്നു. അദ്ദേഹം മറുപടി നൽകി 'ബൈത്തിൽ അതീഖ്'. അതായത് കഅബ മന്ദിരത്തിലേക്ക് പോകുന്നു. ഹദ്റത്ത് ഉമർ ചോദിച്ചു അവരിൽ പണ്ഡിതനായിട്ട് ആരെങ്കിലുമുണ്ടോ. പിന്നീട് ഒരാളോട് കല്പിച്ചു അവരോടു വിളിച്ചു ചോദിക്കുക, വിശുദ്ധഖുർആനിലെ ഏറ്റവും മഹത്തരമായ ആയത്ത് ഏതാണ്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് മറുപടി നൽകി, **'ആയത്തുൽകുർസി'.** പിന്നെ ചോദിച്ചു, വിശുദ്ധഖുർആനിലെ ഏറ്റവും സമഗ്രമായ കല്പനകൾ അടങ്ങിയ വചനം ഏതാണ്. അപ്പോൾ ഹദ്റത്ത് ഇബ്നു മസ്ഊദ് മറുപടി നൽകി **'ഇന്നല്ലാഹ യഅ്മുറു ബിൽ അദ്‌ലി വൽ ഇഹാസാനി വ ഈത്താഈദിൽ ഖുർബാ'**. ഹദ്റത്ത് ഉമർ ചോദിച്ചു, ഖുർആനിലെ ഏറ്റവും സമ്പൂർണ്ണമായ ആയത്ത് ഏതാണ് .അപ്പോൾ ഹദ്റത്ത് ഇബ്നു മസ്ഊദ് മറുപടി നൽകി,**'ഫമയ്യഅ്മൽ മിസ്ഖാല ദർറത്തിൻ ഖൈറയ്യറഹൂ വമയ്യഅ്മൽ മിസ്ഖാല ദർറത്തിൻ ശർറയ്യറഹൂ'**. പിന്നെ ചോദിച്ചു, വിശുദ്ധ ഖുർആനിലെ ഏറ്റവും ഭയപ്പെടുത്തുന്ന ആയത്ത് ഏതാണ്. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് ഈ മറുപടിനൽകി; **'ലൈസ ബി അമാനിയ്യിക്കും വലാ അമാനിയ്യി അഹ്‌ലിൽ കിതാബി മയ്യഅ്മൽ സൂഅയ്യുജ്സ ബിഹീ വലാ യജിദ് ലഹൂ മിൻദൂനില്ലാഹി വലിയ്യവ്വലാ നസ്വീറാ'**. ഹദ്റത്ത് ഉമർ ഫാറൂഖ് പറഞ്ഞു അവരോടു ചോദിക്കുക, വിശുദ്ധ ഖുർആനിലെ ഏറ്റവും പ്രതീക്ഷ നൽകുന്ന ആയത്ത് ഏതാണ്?. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് മറുപടി നൽകി; **'ഖുൽയാ ഇബാദിയല്ലദീന അസ്റഫൂ അലാ അൻഫുസിഹിം ലാ തഖ്നതൂ മിൻ റഹ്മതില്ലാഹി.ഇന്നല്ലാഹ യഗ്ഫിറു ദ്ദുനൂബ ജമീആ.ഇന്നഹൂ ഹുവൽ ഗഫൂറുർറഹീം'**. ഹദ്റത്ത് ഉമർ(റ) ഈ എല്ലാ കാര്യങ്ങളും കേട്ടതിനുശേഷം പറഞ്ഞു; നിങ്ങളുടെ കൂട്ടത്തിൽ അബ്ദുല്ലാഹിബ്നു മസ്ഊദ് ഉണ്ടോ എന്നവരോടു ചോദിക്കുക. സംഘത്തിലെ ആളുകൾ പറഞ്ഞു; തീർച്ചയായും. അല്ലാഹുവാണെ അദ്ദേഹം ഞങ്ങളുടെ ഇടയിലുണ്ട്'. ഹദ്റത്ത് ഉമർ ഈ കാര്യങ്ങളെല്ലാം കേട്ടതിനു ശേഷം പറഞ്ഞു; കർമ്മശാസ്ത്ര ജ്ഞാനത്തിന്റെ നിറകുടമാണദ്ദേഹം.

ഹുസൂർ പറഞ്ഞു; ഹദ്റത്ത് ഇബ്നു മസ്ഊദ് വ്യാഴാഴ്ച ദിവസങ്ങളിൽ ഉപദേശപ്രസംഗം നടത്തുമായിരുന്നു. വൈകുന്നേരം ഈ ഉപദേശപ്രസംഗത്തിൽ സാധാരണ അദ്ദേഹം നബി(സ)തിരുമേനിയുടെ ഹദീസുകളിൽ നിന്ന് ഒരു ഹദീസ് മാത്രം കേൾപ്പിക്കുമായിരുന്നു. ഹദീസ് വിവരിക്കുമ്പോൾ അദ്ദേഹത്തിന്റെ റസൂലിനോടുള്ള സ്നേഹത്തിന്റെ വികാരാവേശങ്ങൾ ദർശിക്കാൻ സാധിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായ മസ്റൂഖ് പറയുന്നു; ഒരു ദിവസം ഞങ്ങൾക്കദ്ദേഹം നബി(സ)തിരുമേനിയുടെ ഒരു ഹദീസ് കേൾപ്പിക്കുമ്പോൾ **'സമിഅ്ത്തു റസൂലല്ലാഹി'** അതായത് ഞാൻ അല്ലാഹുവിന്റെ ദൂതരിൽനിന്നും കേട്ടു എന്ന വാക്കെത്തിയപ്പോൾ ഭയത്താൽ അദ്ദേഹത്തിന്റെ ശരീരം വിറകൊള്ളാൻ തുടങ്ങി.ഏതുവരെയെന്നാൽ, അദ്ദേഹത്തിന്റെ വസ്ത്രം പോലും വിറയ്ക്കുന്നതായി തോന്നി. ദൈവഭയത്തിന്റെ അവസ്ഥ ഇതായിരുന്നു, മരിച്ചുകഴിഞ്ഞ് കണക്കെടുപ്പിൽ നിന്ന് രക്ഷപ്പെടുന്നതിനായി ഉയർത്താതിരുന്നെങ്കിൽ എന്ന് ഞാനാഗ്രഹിക്കുന്നു എന്ന് അദ്ദേഹം പറയുമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് വിവരിക്കുന്നു; ഒരിക്കൽ അബ്ദുല്ലാഹിബ്നു മസ്ഊദ് രോഗിയായപ്പോൾ അത്യധികം ഭയന്നു. ഞങ്ങൾ പറഞ്ഞു താങ്കളെ ഇതിനു മുൻപൊരിക്കലും ഒരു രോഗാവസ്ഥയിലും ഇത്രമാത്രം വ്യസനിക്കുന്നതായി കണ്ടിട്ടില്ലല്ലോ. പറഞ്ഞു; ഈ അസുഖം പെട്ടെന്നാണ് എനിക്കു പിടിപെട്ടത്. ഇപ്പോൾ ഞാൻ എന്നെ സ്വയം ആഖിറത്തിലേക്കുള്ള യാത്രക്കായി തയ്യാറെടുപ്പുള്ളവനായി കാണുന്നില്ല. അതുകൊണ്ടാണ് വിഷമിച്ചത്. തന്റെ മരണത്തെക്കുറിച്ചു പരാമർശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു; ആ ദിവസം എന്നെസ്സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതായിരിക്കില്ല. മരിച്ചുകഴിഞ്ഞ് ഞാൻ എഴുന്നേല്പിക്കപ്പെടാതിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുകയാണ്. തന്റെ കഫൻ സാധാരണ പുതപ്പിലായിരിക്കണം പൊതിയേണ്ടത് എന്നും മരണാനന്തരം ഹദ്റത്ത് ഉസ്മാനുബ്നു മദ്ഊന്റെ ഖബറിനോടു ചേർന്ന് മറയടക്കണമെന്നും അദ്ദേഹം വസിയ്യത്ത് ചെയ്തു. ഹദ്റത്ത് ഉസ്മാൻ(റ) ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്. ജന്നതുൽബഖീഅ്-ൽ അദ്ദേഹത്തെ ഖബറടക്കി.

ഞാൻ ഇന്ന് പരാമർശിക്കാൻ പോകുന്ന മറ്റൊരു സ്വഹാബി, ഹദ്റത്ത് ഖുദാമ ബിൻ മദ്ഊൻ എന്നാണ് അദ്ദേഹത്തിന്റെ പേര്. ഹദ്റത്ത് ഉസ്മാനുബ്നു മദ്ഊന്റെ സഹോദരനാണ് ഹദ്റത്ത് ഖുദാമബിൻ മദ്ഊൻ. ഹദ്റത്ത് ഉമറിന്റെ സഹോദരി ഹദ്റത്ത് സഫിയ്യായെ അദ്ദേഹം വിവാഹം കഴിച്ചു. ഇസ്ലാം ആശ്ലേഷിക്കുന്ന സമയത്ത് അദ്ദേഹത്തിന് 19 വയസ്സ് പ്രായമായിരുന്നു. അതായത് തികഞ്ഞ യുവത്വത്തിൽത്തന്നെ അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. മദീനയിലേക്കു ഹിജ്റ പോയ സമയത്ത് തന്റെ മുഴുവൻ കുടുംബവും തങ്ങളുടെ വീടുകളെല്ലാം മക്കയിൽ ഉപേക്ഷിച്ചുകൊണ്ടാണു പോയത്. മദീനയിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു സൽമാ ഇജലാനി ഈ കുടുംബത്തെ തന്റെ അതിഥികളാക്കി. നബി(സ)തി

രുമേനി മക്കയിൽ നിന്നും മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു വന്നപ്പോൾ അവിടന്ന് ഹദ്റത്ത് ഖുദാമയ്ക്കും അദ്ദേഹത്തിന്റെ സഹോദരങ്ങൾക്കും സ്ഥിരതാമസത്തിനായി ഭൂമി മുറിച്ചു നൽകി. ഹദ്റത്ത് ഖുദാമാ ആദ്യകാല വിശ്വാസികളിൽപ്പെട്ടയാളായിരുന്നു. ഹിജ്റത്തെ ഹബ്ശ,ഹിജ്റത്തെ മദീന രണ്ടു ഹജ്റത്തുകളിലും പങ്കെടുത്തു. ഉഹ്ദ് ബദർ യുദ്ധങ്ങളിലുൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുക്കുവാനുള്ള സൗഭാഗ്യം ലഭിച്ചു. ഹിജ്റ വർഷം36ന് 68-ാം വയസ്സിൽ ഹദ്റത്ത് ഖുദാമാ വഫാത്തായി. അല്ലാഹു ഇത്തരം മതപരമായ ഉള്ളറിവിന്റെയും ജ്ഞാനത്തിന്റെയും,അനുസരണത്തിന്റെയും കൂറിന്റെയും യഥാർത്ഥ മാതൃകകളുടെയും,നബി(സ)യോടുള്ള സ്നേഹവായ്പിന്റെയും ഉന്നത നിലവാരം ഈ സ്വഹാബാക്കളുടെ കാലടികളിലൂടെ സഞ്ചരിച്ചുകൊണ്ട് നമുക്കും കരസ്ഥമാക്കുവാനും അതനുസരിച്ചു പ്രവർത്തിക്കുവാനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ. എല്ലാ തരം ഫിത്നകളിലും ഭാഗഭാക്കാകുന്നതിൽനിന്നും അവൻ നമ്മെ എപ്പോഴും രക്ഷിക്കുമാറാകട്ടെ.

(ജുമുആ)നമസ്കാരത്തിനു ശേഷം ഞാൻ രണ്ടു ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. കറാച്ചിയിലെ മഹ്മൂദ് ഭട്ടി സാഹിബിന്റെ ഭാര്യയായിരുന്ന ബഹു:അമത്തുൽ ഹഫീസ് ഭട്ടി സാഹിബയുടേതാണ് ആദ്യത്തേത്. ഇവർ ധീർഘകാലം കറാച്ചി ജില്ലാ സദർലജ്ന ആയിട്ടുണ്ട്. സെപ്റ്റംബർ 27ന് 93-ാം വയസ്സിൽ ഇവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.ഡോക്ടർ ഗുലാം അലി ആയിരുന്നു അവരുടെ പിതാവ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരിൽ ഉൾപ്പെട്ടിരുന്നു.1936 മുതൽ ഖാദിയാനിലെ ദീനീ ചുറ്റുപാടിൽ കഴിഞ്ഞു. 1948ൽ വിവാഹത്തിനു ശേഷം കറാച്ചിയിൽ വന്നതോടുകൂടിത്തന്നെ ലജ്ന ഇമാഇല്ലാഹ് കറാച്ചിയിൽ സേവനമാരംഭിച്ചു.1972ൽ സിന്ധ് യൂണിവാഴ്സിറ്റിയിൽ നിന്നും എം.എ ഡിഗ്രി കരസ്ഥമാക്കി. തഹ്രീകെ ജദീദിന്റെ 5000മുജാഹിദീങ്ങളിൽ ഉൾപ്പെട്ടിരുന്നു. അല്ലാഹുത്തആലാ അവരോട് പൊറുക്കലോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. ദർജ്ജകൾ ഉയർത്തുമാറാകട്ടെ. അവരുടെ സന്താനങ്ങൾക്കും അവരുടെ പാത പിൻതുടരുവാനുള്ള തൗഫീഖ് നൽകട്ടെ.

രണ്ടാമത്തെ ജനാസ അദ്നാൻ വേബൻ ബറോക്ക് സാഹിബിന്റേതാണ്. അദ്ദേഹം ബെൽജിയത്തിലെ നാഷണൽ സെക്രട്ടറി ഉമൂറെ ഖാരിജ ആയിരുന്നു. സെപ്റ്റംബർ 29ന് വഫാത്തായി. ഇന്നാ ലില്ലാഹ് വ ഇന്നാ ഇലൈഹി റാജിഊൻ. ഇദ്ദേഹത്തിന്റെ പിതാവ് രിസ്വാൻ വേബൻ ബറോക്ക് സാഹിബ് ബെൽജിയത്തിലെ ആദ്യ ബേലിജ് അഹ്മദി ആയിരുന്നു. 60ന്റെ തികവിൽ ബൈഅത്ത് ചെയ്തതായിരുന്നു അവർ. അദ്നാൻ സാഹിബ് സ്വയം അന്വേഷണം നടത്തി 1994ൽ ബൈഅത്തു ചെയ്തു. 1998ൽ ഒരിക്കൽ ബെൽജിയത്തിൽ തബ്ലീഗ് മജ്ലിസ് നടക്കുമ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അവിടെകൂടിയിരുന്നവരോട് പറഞ്ഞിരുന്നു എന്റെപക്കൽ ഇദ്ദേഹം ഇംഗ്ലീഷിൽ നിന്ന് ഫ്രഞ്ചു ഭാഷയിലേക്കും പിന്നെ ഡച്ച് ഭാഷയിലും തർജ്ജുമ ചെയ്യാൻ കഴിവുള്ള ഒരു ട്രാൻസ്ലേറ്റർ ആണ്. അദ്നാൻ സാഹിബിന്റെ മാതാവ് പറയുന്നു, അവരുടെ പിതാവിന് ലൗകീകമായ വസ്തുക്കളോട് യാതൊരു താല്പര്യവുമില്ലായിരുന്നു. അതുപോലെതന്നെ എന്റെ മകൻ അദ്നാനും പിതാവിന്റെ കാലടികളെ പിന്തുടർന്നയാളായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠനും ജമാഅത്തിന് സേവനം .ചെയ്യുന്നയാളും ഖിലാഫത്തിനോട് കൂറുള്ളയാളും ആയിരുന്നു. അതുപോലെ ജുമുആ ഖുത്ബ എല്ലാ ആഴ്ചയും സ്വയം കേൾക്കുന്നതോടൊപ്പം തന്റെ കുട്ടികളേയും കേൾപ്പിക്കുമായിരുന്നു. ജമാഅത്തിന്റെ സേവനത്തിനായി സദാ സന്നദ്ധനായിരുന്നു അദ്ദേഹം. ഖിലാഫത്തുമായി വളരെ ആഴത്തിലുള്ള ബന്ധമായിരുന്നു അദ്ദേഹത്തിന്. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. പൊറുക്കലോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. ജമാആത്തിന് ഇത്തരം ത്യാഗികളെ നൽകിക്കൊണ്ടിരിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ അദ്ദേഹത്തിന്റെ ഭാര്യയെക്കൂടാതെ ഒരു മകനും മകളുമുണ്ട്. അല്ലാഹു അവരേയും ദീനിൽ നിലനിർത്തുകയും വിശ്വാസത്തിൽ ദൃഢത നൽകിക്കൊണ്ട് തങ്ങളുടെ പിതാവിന്റെ കാലടികളിലൂടെ ചരിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)

at Baithul Futuh,London – on 05.10.18

Malayalam Translation : **Moulvi Najmuddin,** For Malayalam Desk,Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516